# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2216** — **06.10.2016 ൽ മറുപടിയ്ക്ക്**

## അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മണി<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഡി.കെ. മുരളി | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇപ്രകാരമുള്ള സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) (ബി) വിദ്യാഭ്യാസ അവകാശ നിയമം 2009 - ലെ സെക്ഷൻ 18 പ്രകാരം അംഗീകാരത്തിനുള്ള അനുമതി പത്രം നേടാതെ ഒരു സ്കൂളും സ്ഥാപിക്കാൻ പാടുള്ളതല്ല. സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂൾ സ്ഥാപിക്കുകയോ പ്രവർത്തിക്കുകയോ അല്ലെങ്കിൽ അംഗീകാരം പിൻവലിച്ച ശേഷവും പ്രവർത്തനം തുടരുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഒരു ലക്ഷം രൂപ വരെ ആകാവുന്ന പിഴയ്ക്ക് ബാധ്യസ്ഥനാവുകയും ലംഘനം തുടർന്നും നടത്തുന്ന സംഗതികളിൽ അങ്ങനെ തുടരുന്ന ഓരോ ദിവസത്തേക്കും പതിനായിരം രൂപാ വീതം പിഴ നൽകേണ്ടി വരുന്നതുമാണ്. അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് പ്രത്യേകമായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) സി.ബി.എസ്.സി., ഐ.സി.എസ്.സി., ഐ.എസ്.സി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അനുമതിക്കായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്? | (സി) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ., ഐ.എസ്.സി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |

Hema.V

സെക്ഷൻ ഓഫീസർ